**കേരള സർക്കാർ**

സംഗ്രഹം

സ്റ്റോർസ് പർച്ചേസ് വകുപ്പ് - ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസലുമായി ധാരണാപത്രം ഒപ്പുവയ്ക്കാതെ, ജെം (ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസ്) ഒരു പൊതുസംഭരണ മാർഗമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.2/2018/എസ്.പി.ഡി. തീയതി:27/03/2018, തിരുവനന്തപുരം,

പരാമർശം - സ.ഉ.(സാധാ) നം.54/17/എസ്.പി.ഡി,തീയതി 09.10.2017

**ഉത്തരവ്**

ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് & ഡിസ്പോസൽ (ഡി.ജി.എസ്. & ഡി) മുഖാന്തിരം ഗവൺമെന്റ് ഓഫ് ഇന്ത്യ ആരംഭിച്ചിട്ടുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും ഓൺലൈൻ സംഭരണപോർട്ടലാണ് ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസ് (ജെം) ഡി.ജി.എസ്. & ഡി റേറ്റ് കോൺട്രാക്ട് പോർട്ടലിനു പകരം ആവിഷ്കരിച്ചതാണ് ഈ സിസ്റ്റം. കേരള സർക്കാർ ഈ സിസ്റ്റത്തെക്കുറിച്ച് വിശദമായി പരിശോധിക്കുകയും ഡി.ജി.എസ്. & ഡി യുമായി ധാരണാപത്രം ഒപ്പുവയ്ക്കാതെ ഗുണമേന്മ ഉറപ്പാക്കി കേരള സർക്കാർ വകുപ്പുകൾക്കും അനുബന്ധസ്ഥാപനങ്ങൾക്കും ജെം പോർട്ടിലിലൂടെ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് അനുമതി നല്കിക്കൊണ്ട് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്റ്റോർസ് പർച്ചേസ് മാന്വൽ ഭേദഗതി ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. സ്റ്റോർസ് പർച്ചേസ് മാന്വൽ ഭേദഗതി വരുത്തുന്ന മുറയ്ക്ക് ജെമ്മിലൂടെ സാധന സേവനങ്ങൾ സംഭരിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ വകുപ്പു തലവന്മാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയയ്ക്ക് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്, എസ്.എം.എസ്.എം. ഇൻസ്റ്റിട്യൂട്ടിനു പുറകുവശം, സ്റ്റാച്ച്യൂ, തിരുവനന്തപുരം (സ്റ്റോർസ് പർച്ചേസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ